# Government strongly condemns vandalisation of Mahatma Gandhi's statue in Davis, California, USA

January 30, 2021

---

## അമേരിക്കയിൽ കാലിഫോർണിയയിലെ ഡേവിസിൽ മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്ക് നേരെ നടന്ന നശീകരണ പ്രവർത്തനത്തെ സർക്കാർ ശക്തമായി അപലപിക്കുന്നു

ജനുവരി 30, 2021

കാലിഫോർണിയയിലെ സിറ്റി ഓഫ് ഡേവിസിലെ സെൻട്രൽ പാർക്കിലുള്ള മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്കെതിരെ 2021 ജനുവരി 28 ന് അജ്ഞാതർ നശീകരണശ്രമങ്ങൾ നടത്തിയിരുന്നു. ഈ പ്രതിമ 2016 ൽ സിറ്റി ഓഫ് ഡേവിസിലേക്കുള്ള ഇന്ത്യൻ ഭരണകൂടത്തിന്റെ സമ്മാനമായിരുന്നു.

സമാധാനത്തിന്റെയും നീതിയുടെയും സാർവത്രികമായി ബഹുമാനിക്കപ്പെടുന്ന ഒരു മാതൃകാവ്യക്തിത്വത്തിനെതിരെ അപകീർത്തികരവും നിന്ദ്യവുമായ ഈ പ്രവൃത്തിയെ ഇന്ത്യൻ ഭരണകൂടം ശക്തമായി അപലപിച്ചു.

സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും ഈ നിന്ദ്യമായ പ്രവൃത്തിക്ക് ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാനുമുള്ള ചുമതല വാഷിംഗ്ടൺ ഡി.സിയിലെ ഇന്ത്യൻ എംബസി, യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനൊപ്പം ഏറ്റെടുത്തു. സാൻ ഫ്രാൻസിസ്കോയിലെ ഇന്ത്യ കോൺസുലേറ്റ് ജനറൽ സിറ്റി ഓഫ് ഡേവിസിലെയും പ്രാദേശിക നിയമ നിർവഹണ അധികാരകേന്ദ്രത്തിലെയും ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രത്യേകമായ അന്വേഷണം ആരംഭിച്ചു. ഡേവിസ് മേയർ സംഭവത്തിൽ അതിയായ ഖേദം പ്രകടിപ്പിക്കുകയും അവർ അന്വേഷണം ആരംഭിച്ചതായി അറിയിക്കുകയും ചെയ്തു. പ്രാദേശിക ഇന്ത്യൻ കമ്മ്യൂണിറ്റി സംഘടനകളും ഈ നശീകരണ പ്രവർത്തനത്തെ അപലപിച്ചു.

ഈ നശീകരണ പ്രവർത്തന നടപടികൾ ന്യായീകരിക്കാനാകാത്തതാണെന്ന് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെട്ടു കൂടാതെ ഇതിനുത്തരവാദികളായവർ പെട്ടന്ന് തന്നെ നിയമത്തിനു മുന്നിൽ കൊണ്ട് വരുന്നതാണെന്ന് അവർ പ്രത്യാശ പ്രകടിപ്പിച്ചു.

**ന്യൂ ഡൽഹി**
**30 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.